Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

1840/എം./2018/കെ.എസ്.എച്ച്.ഓ                                                                 19.03.2019

# പരിപത്രം

വിഷയം : **കുടുംബശ്രീ – വരൾച്ച പ്രതിരോധ പ്രവർത്തനം – പ്രത്യേക അയൽക്കൂട്ട യോഗം ചർച്ച തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച്**

പരാമർശം : 06/03/2018 കുടുംബശ്രീയും ഹരിതകേരളം മിഷനും സംയുക്തമായി നടത്തിയ ജില്ലാമിഷൻ കോർഡിനേറ്റർമാരുടെ പ്രത്യേക യോഗ തീരുമാനം

വരൾച്ചയെ പ്രതിരോധിയ്ക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയും ഹരിതകേരളം മിഷനും സംയുക്തമായി സംസ്ഥാനത്തെ മുഴുവൻ അയൽക്കൂട്ടങ്ങളിലും ജലമിതവ്യയ ബോധവത്കരണ പരിപാടി സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മാർച്ച് 22 ലോക ജലദിനമായി ആഘോഷിക്കുന്ന സാഹചര്യത്തിൽ, 2019 മാർച്ച് 22 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ യോഗങ്ങൾ നടക്കുമ്പോൾ പ്രസ്തുത യോഗങ്ങൾ ജലസഭയിലെ ചർച്ചയായി പരിഗണിച്ച് ഹരിത കേരളം മിഷൻ തയ്യാറാക്കി സി.ഡി.എസ്. മുഖേന അയൽക്കൂട്ടങ്ങൾക്കു ലഭ്യമാക്കിയിട്ടുള്ള 'ജലമാണ് ജീവൻ' എന്ന ലഘുലേഖ ചർച്ച ചെയ്ത് അനുബന്ധമായുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും പരാമർശം പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ അയൽക്കൂട്ട തലത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ സ്വീകരിക്കേണ്ടതാണ്.

**പ്രവർത്തനങ്ങൾ**

1. ഹരിത കേരളം മിഷൻ തയ്യാറക്കിയ **'ജലമാണ് ജീവൻ'** എന്ന ലഘുലേഖ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് ഹരിതകേരളം മിഷൻ മാർച്ച് 19–നകം ലഭ്യമാക്കും. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും ബാലസഭകൾക്കുമായിട്ടാണ് ലഘുലേഖ പ്രിന്റ് ചെയ്തിട്ടുള്ളത്.

2. ലഘുലേഖ **ഒരു അയൽക്കൂട്ടത്തിന് 06 പകർപ്പും ഒരു ബാലസഭക്ക് 05 പകർപ്പും** വീതമാണ് ലഭ്യമാക്കേണ്ടത്. ഓരോ സി.ഡി.എസ്സിലെയും അയൽക്കൂട്ടങ്ങളുടെയും ബാലസഭകളുടെയും എണ്ണത്തിന് ആനുപാതികമായി ലഘുലേഖ ജില്ലാ മിഷൻ സി.ഡി.എസ്സുകൾക്ക് എത്തിച്ചു നൽകേണ്ടതാണ്.

3. സി.ഡി.എസ്സിൽ എത്തിക്കുന്ന ലഘുലേഖയുടെ എണ്ണം അടക്കമുള്ള രസീത് ജില്ലാ മിഷൻ കൈപ്പറ്റി സൂക്ഷിക്കേണ്ടതാണ്. ഇതുപോലെ തന്നെ സി.ഡി.എസ്സിൽ നിന്നും എ.ഡിഎസ്സുകൾക്കു നൽകുന്ന ലഘുലേഖകളുടെ രസീത് സി.ഡി.എസ്സും എ.ഡി.എസ്സിൽ നിന്നും അയൽക്കൂട്ടങ്ങൾക്ക് നൽകുന്ന ലഘുലേഖകളുടെ രസീത് എ.ഡി.എസ്സും കൈപ്പറ്റി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം ലഘുലേഖകൾ ജില്ലാ മിഷനിലും സി.ഡി.എസ്സിലും കെട്ടിക്കിടക്കാതെ മുഴുവൻ അയൽക്കൂട്ടങ്ങളിലും ബാലസഭകളിലും എത്തി എന്നത് ജില്ലാ മിഷൻ കോഓർഡിനേറ്റർ ഉറപ്പാക്കേണ്ടതാണ്.



TRIDA Building, Medical College PO, Thiruvananthapuram 695011
Tel. (0471) 255 4714, 255 4715 Fax. (0471) 255 4717
info@kudumbashree.org www.kudumbashree.org

4. ബാലസഭകൾക്ക് ലഘുലേഖ വിതരണം ചെയ്യുന്നത് സംബന്ധിച്ച സമയക്രമം സംസ്ഥാന സോഷ്യൽ ഡെവലപ്മെന്റ് ടീമുമായി കൂടിയാലോചിച്ച് ജില്ലാ സോഷ്യൽ ഡെവലപ്മെന്റ് ടീമിന് തീരുമാനം എടുക്കാവുന്നതാണ്. ആയതു സംബന്ധിച്ച പ്രത്യേക നിർദ്ദേശങ്ങൾ സി.ഡി.എസ്സുകൾക്ക് ജില്ലാ മിഷൻ കോർഡിനേറ്റർ നൽകേണ്ടതാണ്.

5. ഹരിതകേരളം മിഷൻ കുടുംബശ്രീ ജില്ലാ മിഷന് ലഭ്യമാക്കിയിട്ടുള്ള ലഘുലേഖകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | ആകെ അയൽക്കൂട്ടങ്ങൾ | ആകെ ബാലസഭകൾ | അയൽക്കൂട്ടങ്ങൾക്കുള്ള ലഘുലേഖകളുടെ എണ്ണം | ബാലസഭകൾക്കുള്ള ലഘുലേഖകളുടെ എണ്ണം | ആകെ ജില്ലക്കുള്ള ലഘുലേഖകൾ |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 29,575 | 1,640 | 1,90,000 | 8,500 | **1,98,500** |
| 2 | കൊല്ലം | 23,479 | 1,712 | 1,50,000 | 8,800 | **1,58,800** |
| 3 | പത്തനംതിട്ട | 9,789 | 1,252 | 60,000 | 6,500 | **66,500** |
| 4 | ആലപ്പുഴ | 24,189 | 1,965 | 1,60,000 | 10,000 | **1,70,000** |
| 5 | കോട്ടയം | 15,593 | 2,517 | 95,000 | 12,600 | **1,07,600** |
| 6 | ഇടുക്കി | 13,484 | 809 | 82,000 | 4,100 | **86,100** |
| 7 | എറണാകുളം | 25,938 | 1,675 | 1,70,000 | 8,500 | **1,78,500** |
| 8 | തൃശൂർ | 26,066 | 3,875 | 1,70,000 | 19,500 | **1,89,500** |
| 9 | പാലക്കാട് | 23,940 | 1,889 | 1,50,000 | 9,500 | **1,59,500** |
| 10 | മലപ്പുറം | 28,493 | 3,027 | 1,90,000 | 15,200 | **2,05,200** |
| 11 | കോഴിക്കോട് | 27,638 | 3,040 | 1,80,000 | 15,500 | **1,95,500** |
| 12 | വയനാട് | 9,912 | 1,210 | 60,000 | 6,100 | **66,100** |
| 13 | കണ്ണൂർ | 20,046 | 2,444 | 1,30,000 | 12,500 | **1,42,500** |
| 14 | കാസർഗോഡ് | 11,295 | 1,135 | 70,000 | 5,700 | **75,700** |
| | **ആകെ** | **2,89,437** | **28,190** | **18,57,000** | **1,43,000** | **20,00,000** |

6. ജില്ലാ ഹരിതകേരള മിഷൻ കോ-ഓർഡിനേറ്ററുമായി പ്രത്യേക യോഗം ചേർന്ന് ലഘുലേഖകളുടെ വിതരണം, തുടർ പ്രവർത്തനങ്ങൾ എന്നിവ ആസൂത്രണം ചെയ്യേണ്ടതാണ്.

7. സി.ഡി.എസ്. മുഖേന അയൽക്കൂട്ടങ്ങൾക്കു ലഭ്യമാക്കിയിട്ടുള്ള ലഘുലേഖ 2019 മാർച്ച് 22 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ ചേരുന്ന അയൽക്കൂട്ട യോഗങ്ങളിൽ ചർച്ച ചെയ്യേണ്ടതാണ്.

8. ലഘുലേഖ ചർച്ച ചെയ്യുന്ന സാഹചര്യത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ അയൽക്കൂട്ടങ്ങൾ എടുക്കേണ്ടതും മിനിട്സിൽ രേഖപ്പെടുത്തി നടപ്പിലാക്കേണ്ടതുമാണ്.

- ലഘുലേഖയിൽ വിശദീകരിച്ചിട്ടുള്ള പ്രകാരം ജലം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ ഓരോ അയൽക്കൂട്ട കുടുംബത്തിലും നടപ്പിലാക്കുക.
- അയൽക്കൂട്ട പരിസരത്തു നിലവിലുള്ള കുടിവെള്ള സ്രോതസ്സുകളുടെ എണ്ണം ചർച്ച ചെയ്ത് രേഖപ്പെടുത്തുക
- ഇവയിൽ എത്ര കുടിവെള്ള സ്രോതസ്സുകൾ നിലവിൽ ഉപയോഗ യോഗ്യമാണ് എന്നത് രേഖപ്പെടുത്തുക
- ഉപയോഗ യോഗ്യമല്ലാത്തവയിൽ എത്ര കുടിവെള്ള സ്രോതസ്സുകൾ അയൽക്കൂട്ട കുടുംബങ്ങൾക്ക് ഉപയോഗ യോഗ്യമാക്കാൻ സാധിക്കുമെന്ന് രേഖപ്പെടുത്തുക (ക്ലോറിനേഷൻ, വൃത്തിയാക്കൽ തുടങ്ങിയവ).
- അയൽക്കൂട്ട പരിസരത്തുള്ള മറ്റു പൊതുജലാശയങ്ങളുടെ വിവരങ്ങൾ (ആറ്, തോട്, പുഴ തുടങ്ങിയവ) ചർച്ച ചെയ്തു രേഖപ്പെടുത്തുക
- സാധ്യമായ പൊതുജലാശയങ്ങൾ സാമൂഹ്യ പങ്കാളിത്തത്തോടെയും തൊഴിലുറപ്പിന്റെ സഹായത്തോടെയും വൃത്തിയാക്കാൻ നേതൃത്വം നൽകുക.
- ഇങ്ങനെ വൃത്തിയാക്കുന്ന ജലാശയങ്ങളുടെ പട്ടിക തയ്യാറാക്കി കുടുംബശ്രീ മിഷനും ഹരിത കേരള മിഷനും നൽകുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക.
- അയൽക്കൂട്ട കുടുംബങ്ങൾക്ക് തനിയെ ഉപയോഗ യോഗ്യമാക്കാൻ സാധികാത്ത ജല സ്രോതസ്സുകൾ ഉപയോഗ യോഗ്യമാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പ്, വാട്ടർ അതോറിറ്റി, സോയിൽ കൺസേർവേഷൻ വകുപ്പ് തുടങ്ങിയവരുടെ ശ്രദ്ധയിൽ കൊണ്ടുവരിക.
- തൊഴിലുറപ്പിന്റെ സഹായത്തോടെ ആവശ്യമായ ഇടങ്ങളിൽ സാധ്യതയ്ക്കനുസരിച്ച് കുളം നിർമ്മിക്കുന്നതിനുള്ള ഇടപെടൽ നടത്തുക.

9. ചർച്ചയുടെ അടിസ്ഥാനത്തിൽ അയൽക്കൂട്ടം എടുക്കുന്ന തീരുമാനങ്ങളും നടപ്പിലാക്കുന്ന പ്രവർത്തനങ്ങളും സി.ഡി.എസ്സ്., എ.ഡി.എസ്സ് മോണിറ്റർ ചെയ്യേണ്ടതാണ്.

10. ജലസഭ ചർച്ചയുടെ ഭാഗമായി അയൽക്കൂട്ടങ്ങളിൽ നിന്നും ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള ഫോർമാറ്റിൽ വിവരങ്ങൾ ശേഖരിക്കേണ്ടതും എ.ഡി.എസ്സ്, സി.ഡി.എസ്സ്. തലത്തിൽ ക്രോഡീകരിച്ച് കുടുംബശ്രീ ജില്ലാ മിഷനും ഹരിത കേരളം മിഷനും ലഭ്യമാക്കേണ്ടതുമാണ്.

11. സി.ഡി.എസ്. ചെയർപേഴ്സൺ, അക്കൗണ്ടന്റ് എന്നിവർ തങ്ങളുടെ അയൽക്കൂട്ടത്തിൽ ഈ പ്രവർത്തനങ്ങൾ കൂടുതൽ പ്രാധാന്യം കൊടുത്ത് നടപ്പിലാക്കുകയും മറ്റ് അയൽക്കൂട്ടങ്ങൾക്ക് മാതൃക സൃഷ്ടിക്കുകയും ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

12. സി.ഡി.എസ്സിന്റെ ചാർജ്ജുള്ള ജില്ലാ മിഷൻ ഉദ്യോഗസ്ഥർ, ബ്ലോക്ക് കോ-ഓർഡിനേറ്റർ, ഹരിതകേരള മിഷൻ കോ-ഓർഡിനേറ്റർ എന്നിവർ തുടർ പ്രവർത്തനങ്ങൾ അയൽക്കൂട്ടങ്ങൾ സന്ദർശിച്ച് മോണിറ്റർ ചെയ്യേണ്ടതാണ്.

13. സി.ഡി.എസ്സിൽ നിന്നും അയൽക്കൂട്ടങ്ങളിലേക്ക് ലഘുലേഖകൾ എത്തിക്കുന്നതിനായി ട്രാൻസ്പേർട്ടേഷൻ ചാർജ് ആവശ്യമായി വരുന്ന സാഹചര്യത്തിൽ ചെലവാകുന്ന യഥാർത്ഥ തുക എ.ഡി.എസ്സിന് നൽകാവുന്നതാണ്. എന്നാൽ ഈ തുക ഒരു വാർഡിന് പരമാവധി 200 രൂപ യിൽ (ഇരുനൂറു രൂപ മാത്രം) അധികരിക്കാൻ പാടുള്ളതല്ല. ഇപ്രകാരം ട്രാൻസ്പേർട്ടേഷൻ ആവശ്യമായ തുക സി.ഡി.എസ്സിന് തനത് ഫണ്ട്/അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റിൽ നിന്നും ചെലവഴിക്കേണ്ടതും ശേഷം മുഴുവൻ അയൽക്കൂട്ടങ്ങൾക്കും ലഘുലേഖകൾ ലഭ്യമാക്കിയതിന്റെ സാക്ഷ്യപത്രവും ചെലവായ തുകയുടെ ക്ലെയിമും സമർപ്പിക്കുന്ന മുറക്ക് ജില്ലാ മിഷൻ സി.ഡി.എസ്സുകൾക്ക് ചെലവായ തുക അനുവദിച്ചു നൽകേണ്ടതുമാണ്.

14. ജലസഭ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന്റെ ഭാഗമായി ഈ പരിപത്രത്തോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന അനുബന്ധങ്ങൾ ഫോട്ടോകോപ്പി എടുത്ത് അയൽക്കൂട്ടങ്ങൾക്കും എ.ഡി.എസ്സുകൾക്കും ലഭ്യമാക്കേണ്ടതാണ്. ഫോട്ടോകോപ്പി എടുക്കുന്നതിനാവശ്യമായ തുക സി.ഡി.എസ്സിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതും ശേഷം സി.ഡി.എസ്സിന്റെ ക്രോഡീകരിച്ച റിപ്പോർട്ടും (അനുബന്ധം 3) ക്ലെയിമും സമർപ്പിക്കുന്ന മുറക്ക് ജില്ലാ മിഷൻ സി.ഡി.എസ്സുകൾക്ക് ചെലവായ തുക അനുവദിച്ചു നൽകേണ്ടതാണ്.

15. **അയൽക്കൂട്ട ജലസഭ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മുകളിൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾക്കും ജില്ലാമിഷനുകളിൽ നിന്നും ലഘുലേഖകൾ സി.ഡി.എസ്സുകളിൽ എത്തിക്കുന്നതിനുള്ള ട്രാൻസ്പേർട്ടേഷന് ചെലവാകുന്ന തുകയും എൻ.ആർ.എൽ.എം–ലെ "ORG 10 - Year of NHG" എന്ന ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്.**

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

എല്ലാ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും

**പകർപ്പ്**

1. *എല്ലാ സി.ഡി.എസ്. ചെയർപേഴ്സൺമാർക്കും (ഡി.എം.സി. മുഖേന)*
2. *എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ*
3. *ഹരിത കേരളം മിഷൻ ജില്ലാ–കോഓർഡിനേറ്റർ*
4. *എല്ലാ പ്രോഗ്രാം ഓഫീസർ/സി.ഓ.ഓ.*
5. *എല്ലാ പ്രോഗ്രാം മാനേജർമാർക്കും*
6. *എല്ലാ അസിസ്റ്റന്റ് പ്രോഗ്രാം മാനേജർമാർക്കും*

**ഉത്തരിവൻ പ്രകാരം,**

**പ്രോഗ്രാം ഓഫീസർ (സംഘടന)**

അനുബന്ധം 1

**കുടുംബശ്രീ അയൽക്കൂട്ട ജലസഭ : 2019 മാർച്ച് 22 മുതൽ 31 വരെ**

വിലയിരുത്തൽ ഫോർമാറ്റ് (അയൽക്കൂട്ടം പൂരിപ്പിക്കേണ്ടത്)

..................................................................... കുടുംബശ്രീ ജില്ലാ മിഷൻ

സി.ഡി.എസ്സ്:.................................................... എ.ഡി.എസ്സ്/വാർഡ് :.......................

| | | | |
|---|---|---|---|
| 1 | അയൽക്കൂട്ടത്തിന്റെ പേര് | : | |
| 2 | അഫിലിയേഷൻ നമ്പർ | : | |
| 3 | അയൽക്കൂട്ടത്തിലെ അംഗങ്ങളുടെ എണ്ണം | : | |
| 4 | ജലസഭ അയൽക്കൂട്ട യോഗം നടന്ന തിയതി | : | |
| 5 | യോഗത്തിൽ പങ്കെടുത്ത അംഗങ്ങളുടെ എണ്ണം ? | : | |
| 6 | അയൽക്കൂട്ട പരിസരത്ത് നിലവിലുള്ള കുടിവെള്ള സ്രോതസ്സുകളുടെ എണ്ണം ? | : | |
| 7 | ഇവയിൽ എത്ര കുടിവെള്ള സ്രോതസ്സുകൾ നിലവിൽ ഉപയോഗ യോഗ്യമാണ് ? | : | |
| 8 | ഉപയോഗ യോഗ്യമല്ലാത്തവയിൽ എത്ര കുടിവെള്ള സ്രോതസ്സുകൾ അയൽക്കൂട്ട കുടുംബങ്ങൾക്ക് ഉപയോഗ യോഗ്യമാക്കാൻ സാധിക്കും? | : | |
| 9 | അയൽക്കൂട്ട പരിസരത്തുള്ള മറ്റു പൊതുജലാശയങ്ങളുടെ എണ്ണം | : | |
| 10 | എത്ര പൊതുജലാശയങ്ങൾ നിലവിൽ ഉപയോഗ യോഗ്യമാണ്? | | |
| 11 | നിലവിൽ ഉപയോഗ യോഗ്യമല്ലാത്ത എത്ര പൊതു ജലാശയങ്ങൾ വൃത്തിയാക്കാൻ അയൽക്കൂട്ടത്തിന് നേതൃത്വം നൽകാൻ സാധിക്കും ? | : | |
| 12 | അയൽക്കൂട്ടത്തിന് തനിയെ ഉപയോഗ യോഗ്യമാക്കാൻ സാധിക്കാത്ത ജല സ്രോതസ്സുകളുടെ എണ്ണം ? | : | |
| 13 | ഇത്തരം തനിയെ ഉപയോഗ യോഗ്യമാക്കാൻ സാധികാത്ത ജല സ്രോതസ്സുകളുടെ വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറുന്ന തിയതി | : | |
| 14 | തൊഴിലുറപ്പിന്റെ സഹായത്തോടെ അയൽക്കൂട്ട പരിസരത്ത് കുളം നിർമ്മിക്കുന്നതിനുള്ള സാധ്യത ഉണ്ടോ ? | : | |

പേര്, അയൽക്കൂട്ട പ്രസിഡന്റ്/സെക്രട്ടറി :

ഒപ്പ്, തിയതി : ഫോൺ നമ്പർ :

*അനുബന്ധം 2*

**കുടുംബശ്രീ അയൽക്കൂട്ട ജലസഭ : 2019 മാർച്ച് 22 മുതൽ 31 വരെ**

എ.ഡി.എസ്സ് ക്രോഡീകരണ ഫോറം

| | | | |
|---|---|---|---|
| 1 | എ.ഡി.എസ്സിലെ ആകെ അയൽക്കൂട്ടങ്ങളുടെ എണ്ണം | : | |
| 2 | എ.ഡി.എസ്സിലെ ആകെ അയൽക്കൂട്ട അംഗങ്ങളുടെ എണ്ണം | : | |
| 3 | ജലസഭ ചേർന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | : | |
| 4 | ജലസഭ യോഗത്തിൽ പങ്കെടുത്ത ആകെ അംഗങ്ങളുടെ എണ്ണം ? | : | |
| 5 | എ.ഡി.എസ്സിലെ നിലവിലുള്ള കുടിവെള്ള സ്രോതസ്സുകളുടെ എണ്ണം ? | : | |
| 6 | ഇവയിൽ ആകെ എത്ര കുടിവെള്ള സ്രോതസ്സുകൾ നിലവിൽ ഉപയോഗ യോഗ്യമാണ് ? | : | |
| 7 | ഉപയോഗ യോഗ്യമല്ലാത്തവയിൽ ആകെ എത്ര കുടിവെള്ള സ്രോതസ്സുകൾ ഉപയോഗ യോഗ്യമാക്കാൻ സാധിക്കും? | : | |
| 8 | എ.ഡി.എസ്സിലെ മറ്റു പൊതുജലാശയങ്ങളുടെ എണ്ണം | : | |
| 9 | ഇവയിൽ എത്ര പൊതുജലാശയങ്ങൾ നിലവിൽ ഉപയോഗ യോഗ്യമാണ്? | : | |
| 10 | നിലവിൽ ഉപയോഗ യോഗ്യമല്ലാത്ത എത്ര പൊതു ജലാശയങ്ങൾ വൃത്തിയാക്കാൻ സാധിക്കും ? | | |
| 11 | അയൽക്കൂട്ടങ്ങൾക്ക് തനിയെ ഉപയോഗ യോഗ്യമാക്കാൻ സാധിക്കാത്ത (തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറേണ്ട) ജല സ്രോതസ്സുകളുടെ എണ്ണം ? | : | |
| 12 | തൊഴിലുറപ്പിന്റെ സഹായത്തോടെ അയൽക്കൂട്ട പരിസരത്ത് എത്ര കുളം നിർമ്മിക്കുന്നതിനുള്ള സാധ്യത ഉണ്ട് ? | : | |

ഒപ്പ്, തിയതി :

പേര്, :

എ.ഡി.എസ്സ് **ചെയർപേഴ്സൺ**/സെക്രട്ടറി ഫോൺ നമ്പർ :

*അനുബന്ധം 3*

**കുടുംബശ്രീ അയൽക്കൂട്ട ജലസഭ : 2019 മാർച്ച് 22 മുതൽ 31 വരെ**

സി.ഡി.എസ്സ് ക്രോഡീകരണ ഫോറം

| | | | |
|---|---|---|---|
| 1 | സി.ഡി.എസ്സിലെ ആകെ എ.ഡി.എസ്സുകളുടെ എണ്ണം | | |
| 2 | ജലസഭ പ്രവർത്തനം നടന്ന എ.ഡി.എസ്സുകളുടെ എണ്ണം | | |
| 3 | സി.ഡി.എസ്സിലെ ആകെ അയൽക്കൂട്ടങ്ങളുടെ എണ്ണം | | |
| 4 | സി.ഡി.എസ്സിലെ ആകെ അയൽക്കൂട്ട അംഗങ്ങളുടെ എണ്ണം | : | |
| 5 | ജലസഭ ചേർന്ന ആകെ അയൽക്കൂട്ടങ്ങളുടെ എണ്ണം | : | |
| 6 | ജലസഭ യോഗത്തിൽ പങ്കെടുത്ത ആകെ അംഗങ്ങളുടെ എണ്ണം ? | : | |
| 7 | സി.ഡി.എസ്സിലെ നിലവിലുള്ള കുടിവെള്ള സ്രോതസ്സുകളുടെ എണ്ണം ? | : | |
| 8 | ഇവയിൽ ആകെ എത്ര കുടിവെള്ള സ്രോതസ്സുകൾ നിലവിൽ ഉപയോഗ യോഗ്യമാണ് ? | : | |
| 9 | ഉപയോഗ യോഗ്യമല്ലാത്തവയിൽ ആകെ എത്ര കുടിവെള്ള സ്രോതസ്സുകൾ ഉപയോഗ യോഗ്യമാക്കാൻ സാധിക്കും? | : | |
| 10 | സി.ഡി.എസ്സിലെ മറ്റു പൊതുജലാശയങ്ങളുടെ എണ്ണം | : | |
| 11 | ഇവയിൽ എത്ര പൊതുജലാശയങ്ങൾ നിലവിൽ ഉപയോഗ യോഗ്യമാണ്? | : | |
| 12 | നിലവിൽ ഉപയോഗ യോഗ്യമല്ലാത്ത എത്ര പൊതു ജലാശയങ്ങൾ വൃത്തിയാക്കാൻ സാധിക്കും ? | | |
| 13 | അയൽക്കൂട്ടങ്ങൾക്ക് തനിയെ ഉപയോഗ യോഗ്യമാക്കാൻ സാധിക്കാത്ത (തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറേണ്ട) ജല സ്രോതസ്സുകളുടെ എണ്ണം ? | : | |
| 14 | തൊഴിലുറപ്പിന്റെ സഹായത്തോടെ അയൽക്കൂട്ട പരിസരത്ത് എത്ര കുളം നിർമ്മിക്കുന്നതിനുള്ള സാധ്യത ഉണ്ട് ? | : | |

ഒപ്പ്, തിയതി :

പേര്, :

സി.ഡി.എസ്സ് **ചെയർപേഴ്സൺ** ഫോൺ നമ്പർ :